(സി) 1. പൗരാവകാശരേഖയിൽ പറയുന്ന സേവനങ്ങളുടെ ഗുണനിലവാരം ഘട്ടം ഘട്ടമായി ഉറപ്പു വരുത്തിയിട്ടുണ്ട്.

2. അതാത് ദിവസം തന്നെ കൊടുക്കാവുന്ന സേവനങ്ങൾ അപേക്ഷ കിട്ടി എത്രയും വേഗം കൊടുക്കുവാൻ സംവിധാനമുണ്ടാക്കിയിട്ടുണ്ട്.

3. അന്വേഷണങ്ങൾ ആവശ്യമില്ലാത്തതും പഞ്ചായത്തിന്റെ വിവരശേഖരണം അടിസ്ഥാനമാക്കി നൽകേണ്ടതുമായ സേവനങ്ങൾ അപേക്ഷ കിട്ടിയാലുടൻ തന്നെ നൽകുവാനുള്ള സംവിധാനമുണ്ടാക്കിയിട്ടുണ്ട്.

4. 1970 മുതലുള്ള ജനന-മരണ സർട്ടിഫിക്കറ്റുകൾ, 2008 മുതലുള്ള പൊതുവിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ, മെമ്പർഷിപ്പ് സർട്ടിഫിക്കറ്റുകൾ എന്നിവ പൊതുജനങ്ങൾക്ക് സ്വയം ഡൗൺലോഡ് ചെയ്യാനുള്ള ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കെട്ടിട നികുതി ഓൺലൈനായി അടയ്ക്കാനുള്ള സജ്ജീകരണവും ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഗ്രാമപഞ്ചായത്തുകളിൽ ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റ് നടപ്പാക്കുന്നതിലൂടെ ISO 9001 : 2008 സർട്ടിഫിക്കേഷൻ നേടുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ട്. ആയത് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

കേരഫെഡിന്റെ ക്രമക്കേടുകൾ

27 (*147) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീ. പി. തിലോത്തമൻ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരഫെഡിൽ ക്രമക്കേടുകളും അഴിമതിയും നടന്നിട്ടുള്ളതായി സഹകരണ വകുപ്പ് രജിസ്ട്രാറുടെ ആഡിറ്റ് റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത ക്രമക്കേടുകളെ സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അന്വേഷണങ്ങൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) :

(എ) താഴെപ്പറയുന്ന വിഷയങ്ങളിൽ ക്രമക്കേടുകൾ നടന്നിട്ടുള്ളതായി കേരഫെഡിന്റെ 2013 -14 വർഷത്തെ ആഡിറ്റിൽ പരാമർശിച്ചിട്ടുണ്ട് :

1. പച്ച തേങ്ങ സംഭരണം :

2012-13 വർഷത്തിൽ മാത്രം നടപ്പിലാക്കുവാൻ അംഗീകരിച്ച പദ്ധതി പ്രകാരമുള്ള സംഭരണം സർക്കാരിന്റെ തുടർ അനുവാദമില്ലാതെ ഇപ്പോഴും തുടരുന്നു. സർക്കാർ നിശ്ചയിച്ച 14 രൂപയിൽ കൂടുതൽ വിലയ്ക്ക് സംഭരണം നടത്തി. കൊപ്രയാക്കുന്നതിനു ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളിൽ നിന്നും ലഭിക്കുന്ന കൊപ്രായുടെ ഗുണനിലവാരം മോശമായതും റിക്കവറി ശതമാനം സംബന്ധിച്ച റെക്കാർഡുകൾ ലഭ്യമല്ലാത്തതും.

2. കൊപ്ര സ്റ്റോക്കിൽ കുറവ് :

1,75,54,215 രൂപയുടെ 1887.55 ക്വിന്റൽ കൊപ്ര സ്റ്റോക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. പച്ചതേങ്ങ സംഭരണവുമായി ബന്ധപ്പെട്ട സ്വകാര്യ സ്ഥാപനങ്ങളിൽ ഡ്രയറുകൾ സ്ഥാപിച്ചത് :

സ്ഥപനവുമായി ഒപ്പു വച്ചിട്ടുള്ള എഗ്രിമെന്റ്/കരാർ, ടെണ്ടർ രജിസ്റ്റർ, ടെണ്ടർ പരിശോധനാസമിതിയുടെ വിലയിരുത്തൽ/ ശിപാർശ ഭരണസമിതി അംഗീകാരം, ഡ്രയർ പൂർത്തീകരണ സർട്ടിഫിക്കറ്റ്, ജില്ലാ മാനേജർ നല്കിയ രേഖകൾ, ഓരോ ഡ്രയറിലും സംസ്കരിച്ച പച്ചതേങ്ങ, ലഭിച്ച കൊപ്ര, റിക്കവറി, ഗുണനിലവാരം, അനുവാദമില്ലാതെ 3 ഡ്രയറുകൾക്ക് ഓരോന്നിനും 21 ലക്ഷം രൂപയ്ക്ക് പകരം 21,50,000 രൂപ നല്കിയത് സംബന്ധിച്ചും, ടെണ്ടറിനു അധികരിച്ച് ഡ്രയറുകളുടെ എണ്ണത്തിൽ വ്യത്യാസം വരുത്തിയതും ഷെഡ് നിർമ്മാണം സംബന്ധിച്ചും.

4. കരുനാഗപ്പള്ളി, നടുവണ്ണൂർ എന്നിവിടങ്ങളിൽ പുതിയ പ്ലാന്റുകൾ സ്ഥാപിച്ചതിലെ ക്രമക്കേടുകൾ, EMD അടച്ച തുക തിരികെ നല്കാത്തതും ഓരോ വിഷയത്തിൻമേലും വ്യക്തമായ തീരുമാനം, അതിന്റെ പുരോഗതി അവലോകനം, ഓരോ മാസത്തേയും വരവു ചെലവു കണക്കുകൾ എന്നിവ ഭരണസമിതി തീരുമാനം എടുക്കാത്തതും അംഗീകാരം എടുക്കാത്തതും സംബന്ധിച്ചും

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly